

# ഹൃദ്യം

*Digital work....*

*Little Kites Club*

*Ithithanam H S S*

ഇത്തിരി കവിതകളും കുട്ടുകാരുടെ

കൊച്ചുകഥകാളും

കോർത്തിണക്കി ലിറ്റിൽ കൈറ്റ്സ്

അംഗങ്ങൾ നിർമ്മിച്ച **ഹൃദ്യം**

ഡിജിറ്റൽ മാഗസിൻ കുട്ടുകാർക്കായി അവതരിപ്പിക്കട്ടെ ...

സഹകരിച്ച എല്ലാവരെയും

നന്ദിയോടെ ഓർക്കുന്നു

അതുല്യമോൾ എ

(കൺവീനർ ലിറ്റിൽ കൈറ്റ്സ് ക്ളബ്ബ്)

താളുകളിലൂടെ..................................

*1. വിദ്യാഭ്യാസമെന്നാൽ – മൊഴിമുത്തുകൾ*

*2. വെള്ളമേഘങ്ങൾ – കവിത*

*3.സ്വപ്നങ്ങൾ –കവിത*

*4.സുന്ദരി പശുവും മാൻകുട്ടിയും – കഥ*

*5.മഴ – കവിത*

*6.സ്നേഹത്തിൻ കാത്തിരിപ്പ് –കവിത*

*7.ഭാരതീയ സംഗീതത്തിന്റെ ഉത്ഭവം – ലേഖനം*

*8.കാത്തിരുന്നു ഞാൻ മഴക്കായി – കവിത*

*9.ഗാനരചയിതാവായ വയലാർ –ലേഖനം*

*10. മധുരമേറിയ മധുരയാത്ര –യാത്രാവിവരണം*

*11. ഫോട്ടോഷൂട്ട്....*

*12.വരകൾ .......വർണ്ണങ്ങൾ....*

## വിദ്യാഭ്യാസമെന്നാൽ......

വിദ്യ കൊണ്ട് പ്രബുദ്ധരാകുവിൻ ---ശ്രീ നാരായണഗുരു

മനുഷ്യനിലുള്ള സമ്പൂർണതയുടെ ആവിഷ്ക്കാരമാണ് വിദ്യാഭ്യാസം -സ്വാമി വിവേകാനന്ദൻ

കുട്ടികളിലും മുതിർന്നവരിലുമുള്ള ശാരീരികവും മാനസികവും ബുദ്ധിപരവും ആത്മീയവുമായ ഏറ്റവും നല്ല ഭാവങ്ങളെ പുറത്തേക്കു കൊണ്ടുവരുകയും വികസിപ്പിക്കുകയും ചെയ്യുന്നതാണ് വിദ്യാഭ്യാസം -- മഹാത്മാ ഗാന്ധി

എല്ലാ ബന്ധങ്ങളിലും നിന്നും മനുഷ്യനെ മോഹിപ്പിക്കുന്ന പരമസത്യത്തെ കണ്ടെത്താൻ മനസ്സിനെ പ്രാപ്തമാക്കുന്നതെന്താണോ അതാണ് വിദ്യാഭ്യാസം -രവീന്ദ്രനാഥ ടാഗോർ

വിദ്യഭ്യാസം ഒരുവനെ നിസ്വർത്ഥനുംസ്വന്തം കഴിവുകളിൽ വിശ്വാസമുള്ളവനും ആക്കുന്നു -ഋഗ്വേദം

വിദ്യാഭ്യാസത്തിന്റെ  അന്തിമമായ ലക്ഷ്യം മോക്ഷമാണ് -ഉപനിഷത്ത്

# വെള്ള മേഘങ്ങൾ

വെള്ള മേഘങ്ങളേ ഞാൻ സ്നേഹിച്ചിരുന്നു
സങ്കൽപ്പങ്ങൾക്ക് മേഘക്കെട്ടുകളെന്നു പേരിട്ടു വിളിച്ചു
കാറ്റ് തട്ടിയാൽ അത് ചലിക്കും
ലക്ഷ്യത്തെ പ്രാപിക്കാൻ
രൂപത്തിൽ വന്ന മാറ്റങ്ങൾ ഭാവത്തെ സ്പർശിച്ചില്ല
നനുത്ത പഞ്ഞി കെട്ടുകളിൽ തലചായ്ച്ച ഒരു ശിശുവിനെ പോലെ എന്റെ മയക്കം
തഴുകിയുറക്കാൻ മാലാഖ കുഞ്ഞുങ്ങൾ
മഴയുടെയും പുഴയുടെയും സംഗീത സാന്ദ്രമായ താളം
അവ്യക്തമായി ഒഴുകിക്കൊണ്ടിരുന്നു
ഒരു സ്വാർഗീയാനുഭൂതി പ്രാപിച്ചിരുന്നു ;ഞാൻ
എന്നാൽ കാലോചിതമായ ഒരു വേദന
എന്റെ വെള്ളത്താളിൽ മുള്ളു തറക്കുന്നു
എന്റെ പഞ്ഞികെട്ടുകളിൽ ചൂട് പകരുന്നു
ഞാൻ ഭാരമുള്ളതായി തീരുന്നു
ആ ഭാരം മുറ്റി നിൽക്കുന്ന മഴ മേഘങ്ങൾ പോലെ പെയ്തൊഴിഞ്ഞു
ഭൂമിയുടെ ഊഷരതയിൽ തപ്പിപിടിച്ച ഞാൻ എന്ന സത്വത്തെ മുൻനിർത്തി
ബദ്ധപ്പെട്ടു കണ്ണുകൾ തുറക്കുമ്പോൾ അകലെയുള്ള കരിമേഘങ്ങൾ
കരിവാളിച്ചിരുന്നു............

അനില പി. നായർ

## സ്വപ്നങ്ങൾ

കുന്നോളം ഉയരമുണ്ടായിരുന്ന എന്റെ സ്വപ്നങ്ങൾക്ക്
കാഴ്ചക്കാരായി നിന്നവർ പകുത്തെടുക്കുമ്പോഴും
കുട്ടയുടെ  അളവെടുത്തു കണക്കു പറയുമ്പോഴും
ഇടവും വലവും അതിരു കെട്ടുമ്പോഴും
എതിർക്കാൻ ഞാൻ  ബന്ധനത്തിലായിരുന്നു
സ്നേഹവും കാമവും സൗഹൃദവും  അവരുടെ വിലപറഞ്ഞു
പാറതെളിഞ്ഞപ്പോൾ  ഉയരത്തിന്റെ കണക്കായി
എല്ലാരും അവരാലാകുന്നതെടുത്തു പാഞ്ഞു
നിറമില്ലാത്ത വെള്ളാരം കല്ലുകളും ചപ്പുചവറുകളും  ബാക്കിവെച്ച്....

ദേവിക ആർ നായർ.
സ്റ്റാൻഡേർഡ് 8

## സുന്ദരി പശുവും മാൻകുട്ടിയും

പണ്ടു പണ്ട് ഒരു  ഗ്രാമത്തിൽ അപ്പുവെന്നൊരു കുട്ടിയുണ്ടായിരുന്നു.അവന് ഒരു പശുക്കുട്ടിയും ഉണ്ടായിരുന്നു. സുന്ദരി എന്നായിരുന്നു അവളുടെ പേര്.എന്നും രാവിലെ അപ്പു സുന്ദരിയെക്കൂട്ടി പുല്ല് മേയ്ക്കുവാൻ പോയിരുന്നു. ഒരു ദിവസം പുല്ല് മേയുന്നതിനിടയിൽ, സുന്ദരി ഒരു മാൻകുട്ടിയെക്കണ്ടു. പല പ്രാവശ്യം കണ്ടപ്പോൾ  അവർ ചങ്ങാതിമാരായി. ഒരു ദിവസം മാൻകുട്ടി ചോദിച്ചു,  സുന്ദരി  ,സുന്ദരി  നീ എന്റെ കൂടെ കാട്ടിലേക്കു വരുന്നോ? അവിടെ ധാരാളം പഴങ്ങളും ,നല്ല പൂക്കളും ഭംഗിയുള്ള പുല്ലുകളും എല്ലാം ഉണ്ട്. നിനക്ക് വേണ്ടത് എല്ലാം തരാം. പല പ്രാവശ്യം വിളിച്ചപ്പോൾ  സുന്ദരി മാൻകുട്ടിയോടോപ്പം കാട്ടിലേക്കു പോയി. കാട്ടിൽ എത്തിയപ്പോൾ സുന്ദരി പറഞ്ഞു ,ഹായ്!  കാടിനെന്തൊരു ഭംഗി ,എത്ര എത്ര പൂക്കൾ  ,എത്ര എത്ര പഴങ്ങൾ ,ഭംഗിയുള്ള പുല്ലുകൾ .അങ്ങനെ സുന്ദരി അവിടെ കളിച്ചും ,രസിച്ചും നിൽക്കുമ്പോഴാണ് പെട്ടെന്നൊരു ശബ്ദം കേട്ടത്. അവൾ പേടിച്ചു പോയി.മാൻകുട്ടി എന്താണ് ആ ശബ്ദം? മൃഗങ്ങൾ മുഴുവൻ പേടിച്ചോടുന്ന കൂട്ടത്തിൽ മാൻകുട്ടിയും ഓടാൻ തുടങ്ങി.ഓട്ടത്തിനിടയിൽ  സുന്ദരി ചോദിച്ചു  "നീ ഈ കാടിന്റെ ഭംഗിയെക്കുറിച്ചു പറഞ്ഞപ്പോൾ  അപകടങ്ങളെക്കുറിച്ചു  ഒന്നും പറഞ്ഞില്ലല്ലോ? അതെന്താ? സുന്ദരിക്ക് ഒരു കാര്യം മനസ്സിലായി ,പരിചയം ഇല്ലാത്ത കൂട്ടുകാരെ പെട്ടെന്ന് വിശ്വസിക്കരുത്.ഇതു പറഞ്ഞ് അവൾ വീട്ടിലേക്കു ഓടിപ്പോയി. പാവം അപ്പു ! സുന്ദരിയെ കാത്ത് വിഷമിച്ചു നിൽക്കുവായിരുന്നു. സുന്ദരി വന്നപ്പോൾ അപ്പുവിനു  സന്തോഷമായി. പിന്നീടൊരിക്കലും സുന്ദരി കാട്ടിലേക്കു പോയിട്ടില്ല.

**ഗുണപാഠം :പരിചയമില്ലാത്ത കൂട്ടുകാരെ പെട്ടെന്നു വിശ്വസിക്കരുത്**

## മഴ

മഴ വരുന്നുണ്ണീ നീ കയറി വന്നീ
അമ്മ തൻ വാക്കുകൾ ചെവിക്കൊള്ളൂ
മഴയെന്നമ്മ നിനക്കെന്നും ആനന്ദ സ്വപ്നം
മന്ദഹാസത്തോടെ നീ ആർത്തുമറിക്കു നീ
ആർത്തു ചാടൂ നീ എൻ ഓമനെ എൻ പൈതലേ....
ആർത്തുചാടി നീ ആനന്ദ മന്ദഹാസമണയ്ക്കുണ്ണി
ആലിലത്താളുകളിൽ നീർത്തു നീർത്തു വീഴുന്ന
തണു തണുത്ത മഞ്ഞിൻ തുള്ളിപോലുള്ള നിൻ
മഴയെന്നമ്മയെ തൊട്ടുണർത്തു....
മഴയെന്നമ്മ നിനക്കെന്നും ആനന്ദ സ്വപ്നം
തഴുകൂ നീ തണു തണുത്ത തെളിനീരുകളിൽ
തഴുകൂ നീ ചുടു ചൂടു കണ്ണുനീരിൽ.....
പ്രകൃതിതൻ നാശം കണ്ട് സഹിക്ക വയ്യാതെ
നിൻ മഴയെന്നമ്മതൻ കണ്ണുനീരിൽ
എല്ലാം ഞെരിഞ്ഞമർന്നിടുന്നു.......

ലക്ഷ്മി പ്രിയ പി മനോജ്
സ്റ്റാൻഡേർഡ് 6 സി

# സ്നേഹത്തിൻ കാത്തിരിപ്പ്



മൗനം തുടരുകയായ് ത്യാഗം ഉണരുകയായ്
കാത്തിരുന്ന് ഹൃദയം തുടിക്കുകയായ്
എന്നു വരും നീ എന്നു വരും നീ
നിന്നെ കാണുവാനായി എൻ മനം
തുടിക്കുന്നു മകനേ......
എവിടേക്കു പോയി നീ
എവിടെ മറഞ്ഞു നീ
നിന്നെ കാത്ത് എൻ മിഴികൾ
അടയുമോ എന്നാണെൻ സങ്കടം.
വസന്തകാലം വന്നു പോയി
പൂക്കളായി കാത്തിരുന്നു ഞാൻ
മഴക്കാലം വന്നുപോയി
മഴത്തുള്ളിയായി കാത്തിരുന്നു ഞാൻ
ഇല്ല , നീ വന്നില്ല  മകനേ.......
നിനയ്ക്കായി കാത്തിരിപ്പ് തുടരുകയായി.......

സിജിമോൾ ജോസഫ്
സ്റ്റാൻഡേർഡ് 10 ബി

ലേഖനം

# ഭാരതീയസംഗീതത്തിന്റെ ഉത്ഭവം

അതിപ്രാചീന കാലം മുതൽക്ക തന്നെ ശബ്ദങ്ങളുടെയും ഭാവഭാവാദികളുടെയും സഹായത്തോടുകൂടി ആശയപ്രകടനം നടത്താൻ മനുഷ്യർ പഠിച്ചു കഴിഞ്ഞിരുന്നു. മനുഷ്യശരീരത്തിനുള്ളിൽ തന്നെയുള്ള ഹൃദയം, ശ്വാസകോശം,എന്നീ അവയവങ്ങളുടെ ക്രമം തെറ്റാതെയുള്ള ചലനം അവന് താളബോധത്തിനുള്ള ആദ്യപാഠങ്ങൾ നൽകിരിക്കണം.അതുപോലെ തന്നെ പ്രകൃതിയിൽ നിന്ന് അവൻ നിത്യേന കേൾക്കുന്ന സംഗീതം ,,അതായത് പക്ഷികളുടെ കളകൂജനങ്ങൾ ,കാറ്റിന്റെ മർ മ്മര ശബ്ദം, തേനീച്ചകളുടെ മൂളക്കം,ഒഴുകുന്ന വെള്ളത്തിന്റെ കളകള ശബ്ദം തുടങ്ങിയവയെല്ലാ അവന്റെ സംഗീതാസ്വാദന ശേഷിയേയും ക്രമമായി വളർത്തിക്കൊണ്ടു വന്നു.മനുഷ്യ മസ്തികത്തിന്റെ വളർച്ചയുടെ തോതനുസരിച്ച് മധുരസ്വരങ്ങൾ കേട്ടാസ്വദിക്കാനുള്ള ചെവിയുടെ കഴിവ് ദിനംപ്രതി വളർന്നു വന്നു.

ഏതായാലും ഭാരതീയസംഗീതത്തിന്റെ ആരംഭകാലം വേദകാലമാണെന്നാണ് ഇന്നു പരക്കെ വിശ്വസിക്കപ്പെടുന്നത്. ഇന്നു നാമറിയുന്ന ശാസ്ത്രീയ സംഗീതത്തിന്റെ ഉറവിടം സാമഗാനമായിരുന്നുവെന്ന്
സംഗീതചരിത്രകാരന്മാർ ഐകകണ്ഠേന അഭിപ്രായപ്പെടുന്നുണ്ട്.

നല്ല ഗീതം അഥവാ സമ്യമാക്കുന്ന ഗീതം എന്ന അർത്ഥത്തിലാണ്സംഗീതം എന്ന പേര് ഉത്ഭവിച്ചത്.മൂന്നു സ്വരങ്ങളിലൂടെയുള്ള സംഗീതം നിലനിന്നു പോന്ന കാലത്തിന് ഋഗ്വേദകാലഘട്ടം എന്നു പറയുന്നു.

ശാസ്ത്രീയസംഗീതത്തെക്കുറിച്ച് നാദം ,ശ്രുതി, സ്വരം ,രാഗം എന്ന ക്രമത്തിലാണ് നാം പഠിക്കുന്നതെങ്കിലും സംഗീതത്തിന്റെ ഉത്ഭവവും വളർച്ചയും യഥാർത്ഥത്തിൽ ഇതിന്നെതിരായ ഒരു ക്രമത്തിലാണ്.അതായത് രാഗം ,സ്വരം ,ശ്രുതി, നാദം എന്നീ ക്രമത്തിലായിരുന്നു. സ്വരങ്ങളെല്ലാം കണ്ടുപിടിക്കപ്പെട്ടതിനു ശേഷമാണല്ലേ സംഗീതം ആരംഭിച്ചത്.സംഗീതം ഉത്ഭവിച്ച് ഒരതിർത്തിവരെ വളർച്ച പ്രാപിച്ചതിനുശേഷമാണ് അതിലടങ്ങിയ സ്വരങ്ങളേയും ശ്രുതികളേയും ഓരോ ശ്രുതിയിലുമടങ്ങിയിരിക്കുന്ന നാദങ്ങളേയും കുറിച്ച് മനുഷ്യൻവിശകലനം ചെയ്തു തുടങ്ങിയത്.

------------------------

# കാത്തിരുന്നു ഞാൻ മഴയ്ക്കായി



വേനൽക്കാലം വരവായ്
ചൂടുകാലം വരവായ്
മരങ്ങൾക്കും പ്രകൃതിക്കും ആകെ പേടിയായി
ഇലകളും ചെടികളും പൊഴിയുകയായി

ചൂടാണെങ്കിൽ കൂടുന്നു
മനുഷ്യരാകെ വിറക്കുന്നു
പേടിസ്വപ്നമായി വേനൽക്കാലം.

മൃഗങ്ങൾ ആകെ ചാകുന്നു
മൃഗമില്ലാതെ പ്രകൃതിയില്ല
പ്രകൃതിയില്ലാതെ നാമില്ല
വെള്ളത്തിനായി പിടക്കുന്നു മനുഷ്യർ.

വെള്ളമാകെ വരണ്ടുപോയി
സൂര്യനാകെ ജ്വലിക്കവേ
ഇലകളാകെ പൊഴിയവേ
കുട്ടികളാകെ അവശരായി .

വെള്ളമില്ലാതെ ജീവൻ തുടിക്കുകയായി
വെള്ളമെങ്ങും കാൺമാനായി
വെള്ളത്തിനായി പിടക്കുന്ന മക്കളെക്കണ്ട്
പ്രകൃതിമാതാ കനിയവേ.

കത്തി ജ്വലിച്ചു നിൽക്കുന്ന തീനാളങ്ങളെ
അണയ്ക്കുവാൻ പ്രകൃതിമാതാ ഉദിച്ചുയർന്ന്
കാർമേഘങ്ങൾ കറുപ്പായി നിൽക്കവേ
കുട്ടികൾ തൻ മുഖാംബുജം മാറവേ
മാതാവപ്പോൾ കനിയവേ.

ആ നിമിഷം ഭൂമിയിലേക്കുതിർന്നു
ഒരു തുള്ളി വെള്ളം
ഇതു കണ്ട പ്രകൃതി സസ്യങ്ങൾ ആഹ്ലാദിക്കവേ
എല്ലാ ജീവജ്വാലങ്ങളുടേയും മുഖാംബുജം വിടരവേ
അമ്മ കനിഞ്ഞു കണ്ണുനീരായി മഴ
മഴ കണ്ട് കാത്തിരുന്നു ഞാൻ മഴയ്ക്കായി

വേനൽക്കാലം വരവായ്
ചൂടുകാലം വരവായ്
മരങ്ങൾക്കും പ്രകൃതിക്കും ആകെ പേടിയായി
ഇലകളും ചെടികളും പൊഴിയുകയായി
ചൂടാണെങ്കിൽ കൂടുന്നു
മനുഷ്യരാകെ വിറക്കുന്നു
പേടിസ്വപ്നമായി വേനൽക്കാലം.

മൃഗങ്ങൾ ആകെ ചാകുന്നു

മൃഗമില്ലാതെ പ്രകൃതിയില്ല
പ്രകൃതിയില്ലാതെ നാമില്ല
വെള്ളത്തിനായി പിടക്കുന്നു മനുഷ്യർ.

വെള്ളമാകെ വരണ്ടുപോയി
സൂര്യനാകെ  ജ്വലിക്കവേ
ഇലകളാകെ പൊഴിയവേ
കുട്ടികളാകെ അവശരായി .

വെള്ളമില്ലാതെ ജീവൻ തുടിക്കുകയായി
വെള്ളമെങ്ങും കാൺമാനായി
വെള്ളത്തിനായി പിടക്കുന്ന മക്കളെക്കണ്ട്
പ്രകൃതിമാതാ കനിയവേ.

കത്തി ജ്വലിച്ച നിൽക്കുന്ന തീനാളങ്ങളെ
അണയ്ക്കുവാൻ പ്രകൃതിമാതാ ഉദിച്ചുയർന്ന്
കാർമേഘങ്ങൾ കറുപ്പായി നിൽക്കവേ
കുട്ടികൾ തൻ മുഖാംബുജം മാറവേ
മാതാവപ്പോൾ കനിയവേ.

ആ നിമിഷം ഭൂമിയിലേക്കുതിർന്നു
 ഒരു തുള്ളി വെള്ളം
ഇതു കണ്ട പ്രകൃതി സസ്യങ്ങൾ ആഹ്ലാദിക്കവേ
എല്ലാ ജീവജ്വാലങ്ങളുടേയും മുഖാംബുജം വിടരവേ
അമ്മ കനിഞ്ഞു കണ്ണുനീരായി മഴ
മഴ കണ്ട് ആഘോഷമായി എങ്ങും
മഴയായി എങ്ങും മഴ............മഴ
ആഘോഷമായി എങ്ങും
മഴയായി എങ്ങും മഴ............മഴ

അഭിഷേക് കൃഷ്ണ
സ്റ്റാൻഡേർഡ് 9 എ

ലേഖനം

ഗാനരചയിതാവായ വയലാർ



വയലാർ രാമവർമ്മ ചലച്ചിത്ര ഗാനരചനയിലേക്കു തിരിഞ്ഞത് മലയാളകവിതയ്ക്ക് നഷ്ടമായിരുന്നുവെന്ന് വിലയിരുത്തുന്ന നിരൂപകരും സഹൃദയന്മാരും ധാരാളമുണ്ട്.ഈ വാദം നിരർത്ഥകമാണെന്ന് പറയുവാൻ നിർവാഹമില്ല.എങ്കിലും ഇതിനൊരു മറുവശമുണ്ടെന്നു മറന്നു കൂടാ.വയലാർ ഗാനരചന നിർവഹിക്കാൻ തുടങ്ങിയതോടെയാണ് സിനിമാപ്പാട്ടുകളെ ജനങ്ങൾ സിനിമാഗാനങ്ങളായി പരിഗണിച്ചു തുടങ്ങിയത്.കവിത വായിച്ചു രസിക്കാൻ സാഹചര്യമില്ലാതിരുന്ന ലക്ഷക്കണക്കായ സഹൃദന്മാർ, പ്രത്യേകിച്ചും നിരക്ഷരഹൃദയന്മാർക്ക് കാവ്യഗുണം അനുഭവിക്കുവാൻ വയലാറിന്റെ രചനകൾ പ്രേരകങ്ങളായിത്തീർന്നു.ഇതു കവിതയുടെ ജനകീയമായ അടിത്തറ വിപുലപ്പെടുത്തുവാൻ വളരെ സഹായിച്ചു.

ചലച്ചിത്ര ഗാനരചന ഒരു സർഗാത്മക സൃഷ്ടികയല്ല എന്ന വാദം ഇന്നും നിലനിൽക്കുന്നു എല്ലാ രചനകളും സർഗാത്മകങ്ങളാകുന്നത് എഴുത്തുകാരന്റെ സർഗാത്മക വൈഭവം അനുസരിച്ചാണെന്ന പ്രാഥമിക തത്വം അംഗീകരിക്കുന്നതിലെ വൈമനസ്യമാണ് ഇവിടെ പ്രകടമാകുന്നത് .

പ്രകൃതിസ്നേഹിയായിരുന്ന കവിയായിരുന്നു വയലാർ. അദ്ദേഹത്തിന്റെ ഗാനങ്ങളിൽ കേരളീയ പ്രകൃതി നിറഞ്ഞുനിൽക്കുന്നു.പുഴകൾ,നദികൾ,മലകൾ,പൂവനങ്ങൾ എല്ലാം കവിയുടെ ഭാവനയിൽ ഭൂമിക്കു കിട്ടിയ സ്ത്രീധനങ്ങളാണ്.പെരിയാർ -പർവ്വതനിരയുടെ പനിനീരാണ്.പൂന്തേനരുവി പൊൻമുടിപ്പുഴയുടെ അനുജത്തിയാണ്.ആയിരം പാദസ്വരങ്ങൾ കുലുക്കി ആലുവാപ്പുഴ പിന്നേയും ഒഴുകിക്കൊണ്ടിരിക്കുകയാണ്.

ഉപരിപ്ലവമായ പ്രകൃതിവർണ്ണനകളല്ല , മനുഷ്യപ്രകൃതവുമായി ഇഴുകിച്ചേരുന്ന വികാരസംക്രമണമാണ് കവിയുടെ ലക്ഷ്യം.ഓർമ്മകൾ മരിക്കുമോ, ഓളങ്ങൾ നിലയ്ക്കുമോ? കടലിലെ ഓളവും കരളിലെ മോഹവും അടങ്ങുകില്ലോമനേ,അടങ്ങുകില്ല ഇത്തരത്തിലുള്ള വൈകാരികാഖ്യാനം വയലാറിനു മുമ്പ് ആരും സ്വീകരിച്ചിട്ടില്ല.

ഒരു കവിയുടെ രചനകളെ വിലയിരുത്തുമ്പോൾ അതിന്റെ പിന്നിലെ പ്രേരണാശക്തി അപ്രസക്തമാകുന്നു.ആ രചനകളിൽ കവിയുടെ മുദ്ര പതിഞ്ഞിട്ടുണ്ടോ എന്നതാണ് പ്രധാനം. വയലാറിന്റെ ഗാനങ്ങളിൽ അദ്ദേഹത്തിന്റെ വ്യക്തി മുദ്ര പതിഞ്ഞിരിക്കുന്നു.സിനിമാഗാനരചന മറ്റൊരാൾക്കു വേണ്ടി നടത്തുന്ന രചനയാണെന്ന് കവി വിചാരിച്ചിരുന്നില്ല.വാടകക്കെട്ടുത്ത കവികർമ്മമാണ് ഗാനരചനയെന്നും കരുതിയിരുന്നില്ല.അങ്ങനെ കവിയോ വിമർശിച്ചവർ ധാരാളമിണ്ടെന്നുള്ളത് വാസ്തവമാണ്.

ഏതു വിഷയങ്ങളിലേക്കും കടന്നു രചന നടത്താൻ കവിയ്ക്കുള്ള അസാധാരണമായ വൈദഗ്ധ്യം ആരെയും അമ്പരപ്പിക്കുന്നതാണ്.കവിയുടെ ക്രാന്തദർശിത്വം എന്നത് വിഷയത്തിലേക്കു കടന്നു ചെല്ലാനുള്ള വൈഭവം കൂടിയാണല്ലോ.ഓരോ ജീവകണത്തിനുള്ളിലും ഉണർന്നു ദീപ്തമായ് ജ്വലിക്കുന്ന മാസ്മരലോകത്തിലേക്കു കാവ്യകലയിലൂടെ തേരോടിക്കണമെന്ന സർഗ്ഗസംഗീതത്തിലെ അഭിവാഞ്ച കവിയുടെ ആത്മാവിന്റെ അടങ്ങാത്ത ത്വര സൂചിപ്പിക്കുന്നു. ഇത്തരം അവസഥയിലെത്തുന്ന പ്രതിഭാശാലിയെ വിശദാന്തരംഗൻ എന്നു ഭാരതീയ മനശ്ശാസ്ത്രജ്ഞന്മാർ വിളിച്ചു പോരുന്നു.വയലാർ തീർച്ചയായും അത്തരം കവി പരമ്പരയിൽ ഉൾപ്പെട്ടു നിൽക്കുനനു.

**പി കെ മോഹനൻ**

----------------------

# മധുരമേറിയ മധുരയാത്ര(യാത്രാവിവരണം)

മധുരയിൽ പോകാൻ പറ്റിയത് എനിക്ക് ഒരു അപ്രതീക്ഷിത ഭാഗ്യമായിരുന്നു. സ്കൂളിലെ അടൽ ടിങ്കറിങ് ലാബ് എന്ന പരിപാടിയുടെ ഭാഗമായി ഐ ആർ സി ലീഗ് എന്ന മൽസരത്തിൽ പങ്കെടുക്കാനായാണ് ഞാൻ അവിടെ പോയത്. ഒപ്പം കൂട്ടുകാരുമുണ്ടായിരുന്നു.

പോകേണ്ട ദിവസം രാവിലെ തന്നെ സാധനങ്ങളെല്ലാം ഞങ്ങൾ തയ്യാറാക്കി വച്ചു. അന്ന് വൈകുന്നേരം പോകാനായിരുന്നു പദ്ധതി.ബസിലായിരുന്നു യാത്ര. അങ്ങോട്ടുള്ള യാത്ര രാത്രിയിലായിരുന്നതിനാൽ ഭൂരിഭാഗം സമയവും ഞാൻ ഉറക്കത്തിലായിരുന്നു.രാത്രി പന്ത്രണ്ടു കഴിഞ്ഞപ്പോഴാണ് തമിഴ്നാട്ടിലെത്തിയത്. അവിടം കേരളം പോലെയല്ല. ടൗണുകൾക്കും റോഡുകൾക്കും നല്ല വൃത്തിയുണ്ട്.എന്നാൽ ഗ്രാമീണ പ്രദേശങ്ങൾക്ക്സ അതില്ല താനും .
ശരീരം വിറക്കുന്ന തണുപ്പായിരുനിന്നു.നേരം പുലർന്നപ്പോൾ മുതൽ ഞാൻ ബസിന്റെ ജനാലയിൽ കണ്ണും നട്ട് കാഴ്ചകൾ കാണുകയായിരുന്നു. പച്ചപ്പ് ധാരാളമുണ്ടായിരുന്നു. പുലർച്ചയായുള്ളെങ്കിലും പല കെട്ടിടങ്ങളിലും വെളിച്ചമുണ്ടായിരുന്നു. പൊതുവേ അദ്ധ്വാനിക്കുന്നവരാണ് തമിഴ്നാട്ടുകാർ. മറ്റു വണ്ടികളെക്കാൾ ഏറെ സൈക്കിളുകളും റിക്ഷകളുമായിരുന്നു കൂടുതൽ.പെട്ടെന്ന് ഞങ്ങൾ ഒരു ചെറിയ വഴിയിലേക്കു തിരിഞ്ഞു. ഒരു ബസ് സ്റ്റാൻഡിന്റെ അടുത്തായിരുന്നു ഞങ്ങളുടെ ലോഡ്ജ്. ബസ് പാർക്കു ചെയ്തതിനു ശേഷം ഞങ്ങൾ അങ്ങോട്ടു നടന്നു. അഞ്ചു മണിയായപ്പോഴാണ് മുറി കിട്ടിയത്.ബാഗുകളൊക്കെ വച്ചതിനു ശേഷം ഞങ്ങൾ ലോഡ്ജ് ഒന്നു കറങ്ങി. മൂന്നു നിലയുള്ള കെട്ടിടമായിരുന്നു അത്.മുകളിൽ നിന്നാൽ അത്യാവശ്യം സ്ഥലങ്ങൾ കാണാം. രാവിലെ ജോലിക്കു പോകാൻ കൂടുതൽ പേരും സൈക്കിളുകളാണ് ഉപയോഗിക്കുന്നത്.സ്കൂൾ കുട്ടികളിൽ പലരും ചെരുപ്പിടാതെ നടന്നാണ് പോയിരുന്നത്.അപ്പോൾ സമ.യം ഏഴു മണിക്ക് അടുത്തിരുന്നു . പിന്നെ ഞങ്ങൾ തിരിച്ച് റൂമിലെത്തി തയ്യാറായി.

എട്ടു മണി കഴിഞ്ഞായിരുന്നു പ്രാതൽ.അതു കഴിഞ്ഞപ്പോൾ പത്തു മണി വരെ വെറുതെയിരിക്കേണ്ടി വന്നു. പത്തു മണിയായപ്പോൾ ഞങ്ങൾ ബസ്സിൽ കയറി ,മൽസരത്തിന്റെ ട്രെയിനിങ്ങ് നടക്കുന്ന സ്ഥലത്തേക്കു യാത്രയായി.പാട്ടൊക്കെ വച്ചായിരുന്നു യാത്ര.ടൗണിനു പുറത്തെത്തിയപ്പോൾ ആതുവരെ കാണാത്ത ചില കാഴ്ചകൾ കണ്ടു.

കിലോമീറ്ററുകളോളം പാടങ്ങൾ, കനാലുകൾ,ഇടയ്ക്കിടക്ക് കൊച്ചുകാടുകളും പൊട്ടിപ്പൊളിഞ്ഞ കെട്ടിടങ്ങളും കാണാമായിരുന്നു. നമ്മുടെ ഇവിടെ കാക്കകൾ പറക്കുന്നതു പോലെ തത്തകൾ ധാരാളമായി കാണപ്പെടുന്നു.അപ്പോഴാണ് ഞങ്ങൾ അതു ശ്രദ്ധിച്ചത്,മയിലുകൾ ! കിളച്ചിട്ട മണ്ണിൽ പൊങ്ങിയ മണ്ണിരയേയും മറ്റു പ്രാണികളേയും കൊത്തിത്തിന്നുകയായിരുന്നു. അവിടെ ധാരാളം മയിൽക്കൂട്ടങ്ങളെ കാണാൻ പറ്റി.

യാത്ര തുടർന്ന ഞങ്ങൾ ഒരു ടൗണിലേക്കു തിരിഞ്ഞു. കെട്ടിടങ്ങൾ തിങ്ങി നിറഞ്ഞ ഒരു കൊച്ചു നഗരമായിരുന്നു അത്. കണ്ണേറിയാതിരിക്കാൻ പല വീടുകളുടേയും മുന്നിൽ കണ്ണാടി ഉണ്ടായിരുന്നു. കാൽനടയും ബസ്സുകളുമായിരുന്നു ആ നാട്ടുകാർ കൂടുതലും ഉപയോഗിച്ചിരുന്നത്. കുറച്ചു കഴിഞ്ഞപ്പോൾ ഞങ്ങൾ പരിപാടി നടക്കുന്ന സ്കൂളിലെത്തി.ഉച്ച കഴിഞ്ഞ് രണ്ടു മണിയായപ്പോൾ പരിപാടി കഴിഞ്ഞു. ഭക്ഷണം കഴിക്കാനായി കുറച്ചു ദൂരെയുള്ള ഒരു ഹോട്ടലിലേക്കു ഞങ്ങൾ നടന്നു. അവിടെ എന്നെ ആശ്ചര്യപ്പെടുത്തിയ ഒരു കാര്യം ,പാത്രങ്ങൾക്ക് പകരം ഇലയിലായിരുന്നു ഭക്ഷണം വിളമ്പിയിരുന്നത്. ഭക്ഷണം കഴിഞ്ഞ് ഞങ്ങൾ ബസ്സിലേക്കു പോയി. തിരിച്ചുള്ള യാത്രയിലും ധാരാളം മയിലുകളേയും ആട്ടിൻപറ്റങ്ങളേയും കണ്ടു. നാലുമണി ആയപ്പോൾ ഞങ്ങൾ തിരിച്ച് മുറിയിലെത്തി. വസ്ത്രം മാറിയ ശേഷം ഞങ്ങൾ നാളത്തെ മൽസരത്തിനുള്ള പരിശീലനം തുടങ്ങി. രാത്രിയിലെ ഭക്ഷണം കഴിക്കാൻ ഞങ്ങൾ ബസ് സ്റ്റേഷനടുത്തുള്ള ഹോട്ടലിലേക്കാണ് പോയത്. അപ്പോൾ ഒരു കാര്യം ഞാൻ ശ്രദ്ധിച്ചു. പല ബസുകൾക്കും നല്ല വൃത്തിയും ആധുനിക സൗകര്യങ്ങളും ഉണ്ടായിരുന്നു. എങ്കിലും ബസ് സ്റ്റേഷന് ആ വൃത്തി ഉണ്ടായിരുന്നില്ല.

രാത്രി വൈകിയാണ് ഉറങ്ങിയത്. സംസാരിച്ചിരുന്നതിനാൽ സമയം പോയതറിഞ്ഞില്ല. പക്ഷേ അതിരാവിലെ ഞങ്ങളെല്ലാവരും എഴുന്നേറ്റു തയ്യാറായി. എട്ടുമണിക്കകം ഞങ്ങൾ മൽസരത്തിനു പോകാനിറങ്ങി. വഴിയിൽ ഇന്നലെ കണ്ടതിൽ കൂടുതൽ മയിലുകളെ കാണാൻ പറ്റി. മറ്റു സ്കൂളുകളുമായി ഒരു ' ബസ്സോട്ട മൽസരത്തിലായിരുന്നു ' ഞങ്ങൾ അവിടെയെത്തിയത്. ഇന്നലെ ഉച്ചക്ക് ഭക്ഷണം കഴിച്ച ഹോട്ടലിൽ നിന്നു തന്നെയായിരുന്നു ഇന്നു രാവിലെയും കഴിച്ചത്.ഭക്ഷണം കഴിഞ്ഞശേഷം ഞങ്ങൾ മൽസരത്തിനെത്തി.

മറ്റു മൽസരാർത്ഥികളെ കണ്ടപ്പോൾ ഞങ്ങൾക്ക് പേടി തോന്നി.എങ്കിലും ധൈര്യം കൈവിടാതെ മൽസരിച്ചു. സമ്മാനം പ്രഖ്യാപിച്ചപ്പോൾ ഒട്ടും പ്രതീക്ഷിക്കാതെ ഞങ്ങൾക്ക് രണ്ടാം സ്ഥാനമുണ്ട്!

തിരിച്ചുള്ള യാത്ര ഞങ്ങൾ ശരിക്കങ്ങ് ആഘോഷിച്ചു. ആദ്യത്തെ കുറച്ചു നേരം സിനിമ കാണുകയായിരുന്നു.  പിന്നീടുള്ള മൂന്നു -നാലു മണിക്കൂർ പാട്ടും ഡാൻസുമായിരുന്നു. ഭക്ഷണം കഴിച്ചു കഴിഞ്ഞും അതു തുടർന്നു. അർദ്ധരാത്രിയായപ്പോഴേക്കു ഞാനുൾപ്പെടെ പലരും ഉറങ്ങി.  അടുത്ത ദിവസം പുലർച്ചെ നാലിന് ഞങ്ങൾ തിരിച്ച് സ്കൂളിലും ,പിന്നെ അവിടെ നിന്ന് അവരവരുടെ വീട്ടിലേക്കുമെത്തി. തിരിച്ച് വീട്ടിൽ എത്തിയിട്ടും യാത്രയുടെ ഹരം വിട്ടുമാറിയതേയില്ല.അദ്ധ്യാപകരോടും കൂട്ടുകാരോടുമൊപ്പം  മൽസരത്തിൽ പങ്കെടുക്കാനായി പോയ **മധുര യാത്ര മധുരതരമായ ഒരു ഓർമ്മയായി** എന്നും എന്നിൽനിറഞ്ഞു നിൽക്കും.




ഗോവിന്ദ് ജി

**സ്റ്റാൻഡേർഡ് 8 എ**

കൂട്ടുകാരോടൊപ്പം മതിമറന്ന നിമിഷത്തിൽ

ഊഞ്ഞാലും, ആർപ്പുവിളിയും

ഓണാഘോഷം കൊടിയിറങ്ങുമ്പോൾ

ഓണാഘോഷം 2019

പുഞ്ചിരി ളുകിയ നിമിഷം

**...... ഞങ്ങളുടെ ഓണം**







**കോട്ട ... കണ്ട.....കോട്ടയം....കലോത്സവ നഗരിയിൽ**







**ഇത്തിരി ഉപ്പിലിട്ടതും ഒത്തിരി സ്നേഹവും....**



**സ്വപ്നങ്ങൾ വാനോളം**



**അടൽ ടിങ്കറിംഗ് കുട്ടിക്കൂട്ടം ഡൽഹിയിൽ....**



ATL.......




കാവോരം   സർഗ്ഗവിദ്യാലയം...പ്രോജക്ട്



കാവോരം   സർഗ്ഗവിദ്യാലയം...പ്രോജക്ട്



കാവോരം   സർഗ്ഗവിദ്യാലയം...പ്രോജക്ട്....പുരാവസ്തു പ്രദർശനം



**വരകൾ........വർണങ്ങൾ**



**ഗീതുലക്ഷ്മി ഗോപകുമാർ   class 7**

